# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4308** **17.05.2017**-ൽ മറുപടിക്ക്

## ക്യാൻസർ ചികിത്സക്ക് സൗകര്യമില്ലാത്ത ജില്ലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സർക്കാർ മേഖലയിൽ ക്യാൻസർ ചികിത്സക്ക് സൗകര്യമില്ലാത്ത ജില്ലകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാം ജില്ലകളാണ്; | എ) | തിരുവനന്തപുരം ആർ.സി.സി, മലബാർ കാൻസർ സെന്റർ, കണ്ണൂർ, കൊച്ചിൻ കാൻസർ & റിസർച്ച് സെന്റർ, എറണാകുളം കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് കാൻസർ ചികിത്സ സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ളത്. പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായ മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളായ കൊല്ലം, ഇടുക്കി, പത്തനംതിട്ട, മലപ്പുറം, കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ നിലവിലില്ല. |
| ബി) | ഇങ്ങനെയുള്ള ജില്ലകളിൽ ക്യാൻസർ ചികത്സക്കായി സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അവ ഏന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ബി) | മറ്റ് ജില്ലകളിൽ അധിവസിക്കുന്ന കാൻസർ രോഗികൾക്ക് ഇത് ശാരീരികവും മാനസികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ ജില്ലകളിലും ഒരു കാൻസർ ചികിത്സാലയം എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചത്. ഈ സെന്ററുകളിൽ റീജിയണൽ കാൻസർ സെന്ററുകളിൽ പരിശീലനം ലഭിച്ച ഡോക്ടർമാരുടേയും, സ്റ്റാഫ് നേഴ്സുമാരുടേയും സേവനം ലഭ്യമാക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 25000 ത്തിൽപ്പരം കീമോ തെറാപ്പികളും 1500 ലേറെ രോഗ നിർണ്ണയവും ഈ സെന്ററുകളിലൂടെ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ